SAHRUDAYA
WELFARE SERVICES ERNAKULAM

# സഹൃദയ വീഥി

വെൽഫെയർ സർവീസസ് എറണാകുളം
പ്രതിവാര വാർത്ത പത്രിക

Vol. : 1 | 02 August 2021 | Issue : 10


## സൗജന്യ ശ്രവണ സഹായിവിതരണം നടത്തി



ഏവരെയും ഉൾച്ചേർക്കുന്ന വികസനം എന്ന കാഴ്ചപ്പാടോടെ നഗരത്തിലെ ഓഫീസുകളും നടപ്പാതകളും ഭിന്നശേഷി സൗഹൃദമാക്കിമാറ്റുമെന്ന് കൊച്ചി നഗരസഭാ മേയർ അഡ്വ.എം.അനിൽകുമാർ പ്രസ്താവിച്ചു. എറണാകുളംഅങ്കമാലി അതിരൂപതാ സാമൂഹ്യപ്രവർത്തനവിഭാഗമായ സഹൃദയ, കേന്ദ്ര സർക്കാരിന്റെ അസിസ്റ്റൻസ് റ്റു ഡിസേബിൾഡ് പേഴ്സൻസ് ഫോർ പർച്ചേസിംഗ് എയ്ഡ്സ് ആൻഡ് അപ്ലയൻസസ് പദ്ധതിയുടെ ഭാഗമായി എം.ജി.യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിട്യൂട്ട് ഓഫ് റിസേർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റിയുടെ സഹകരണത്തോടെ എറണാകുളം ജില്ലയിലെ കേൾവി വൈകല്യമുള്ള 180 പേർക്ക് 15000 രൂപ വീതം വിലവരുന്ന ശ്രവണ സഹായി വിതരണം ചെയ്യുന്നതിനായി സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണസ്ഥാപനങ്ങളുമായി സഹകരിച്ച് സാമൂഹ്യ വികസന, കാരുണ്യ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാൽ സഹൃദയ ഉത്തമ മാതൃകയാണെന്നും മേയർ പറഞ്ഞു. പാലാരിവട്ടം സെന്റ് മാർട്ടിൻസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച യോഗത്തിൽ രൂപതാ മുൻ സഹായമെത്രാൻ മാർ തോമസ് ചക്യത്ത് അധ്യക്ഷത വഹിച്ചു. ഏറ്റവും പിന്നിൽ നിൽക്കുന്നവരുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളാണ് ഒരു സമൂഹത്തിന്റെ യഥാർത്ഥ വികസനസൂചികയെന്ന് അദ്ദേഹം ചൂïക്കാട്ടി. അതിരൂപതയുടെ ശതോത്തര രജതജൂബിലി സ്മാരകമായി സഹൃദയ ആരംഭിക്കുന്ന രക്തദാനത്തിനുള്ള മൊബൈൽ ആപ്ലിക്കേഷന്റെ പ്രകാശനം സഹൃദയ ഗുഡ് വിൽ അംബാസഡർ കൂടിയായ സിനിമാതാരം സിജോയ് വർഗീസ് നിർവഹിച്ചു. എം.ജി. യൂണിവേഴ്സിറ്റി ഐ.ആർ.എൽ.ഡി ഡയറക്ടർ ഡോ . കെ,എം. മുസ്തഫ, കേന്ദ്ര സാമൂഹ്യനീതിവകുപ്പിൻറെ കീഴിലുള്ള മുംബൈ അലി യവർ ജംഗ് നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് ഡിസെബിലിറ്റീസ് മീഡിയ ഓഫിസർ ഡോ . പി.ജെ.മാത്യു മാർട്ടിൻ, സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, അസി.ഡയറക്ടർ ഫാ. ആൻസിൽ സെബാസ്റ്റ്യൻ, സഹൃദയ സ്പർശൻ കോ ഓർഡിനേറ്റർ സെലിൻ പോൾ എന്നിവർ സംസാരിച്ചു.

## രക്തദാനത്തിന് സഹൃദയയുടെ മൊബൈൽ ആപ്പ്



രക്തം ആവശ്യമായി വരുന്നവരെയും രക്തദാനം ചെയ്യാൻ സന്നദ്ധതയുള്ളവരെയും മൊബൈൽ ആപ്പിലൂടെ ബന്ധിപ്പിക്കാൻ സഹൃദയയുടെ ബ്ലഡ് ഡൊണേഷൻ ആപ്പ്. അതിരൂപതാ ശതോത്തര രജത ജൂബിലി സ്മാരകമായി സഹൃദയ സമരിറ്റൻസിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുള്ള ആപ്ലിക്കേഷന്റെ പ്രകാശനം സഹൃദയ ഗുഡ് വിൽ അംബാസഡർ കൂടിയായ സിനിമാതാരം സിജോയ് വർഗീസ് നിർവഹിച്ചു. ആവശ്യമുള്ള രക്ത ഗ്രൂപ്പ് മൊബൈലിൽ തിരഞ്ഞാൽ അതെ ഗ്രൂപ്പുള്ള വ്യക്തികളുമായി ഉടൻ ബന്ധപ്പെടാവുന്ന വിധത്തിലാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്.

# സ്വയം സഹായ സംഘങ്ങൾ വഴി തൊഴിൽ വായ്പയും മൊബൈൽ ഫോണുകളും വിതരണം ചെയ്തു.



കിഴക്കമ്പലം: സ്വയം തൊഴിൽ സഹായ നടപടികളിലൂടെയും ഓൺലൈൻ വിദ്യാഭ്യാസ പ്രോത്സാഹന പ്രവർത്തനങ്ങളിലൂടെയും കോവിഡ് കാല അതിജീവന നടപടികൾക്ക് ശക്തി പകരാൻ സഹൃദയ നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനീയമാണെന്ന് എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഉല്ലാസ് തോമസ് അഭിപ്രായപ്പെട്ടു. എറണാകുളംഅങ്കമാലി അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയ നടപ്പാക്കുന്ന വിദ്യാദർശൻ, കരുതൽ പദ്ധതികളുടെ ഭാഗമായി ഞാറള്ളൂർ സെന്റ് ജോസഫ് പള്ളി ഹാളിൽ സംഘടിപ്പിച്ച വിദ്യാർത്ഥികൾക്കുള്ള മൊബൈൽ ഫോൺ വിതരണത്തിൻറെയും സ്വയം സഹായ സംഘങ്ങൾക്കുള്ള സ്വയം തൊഴിൽ വായ്പാ വിതരണത്തിന്റെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഞാറള്ളൂർ സെൻറ് ജോസഫ് പള്ളി വികാരി ഫാ. ജോർജ്ജ് കാട്ടേത്ത് അധ്യക്ഷനായിരുന്നു. വിദ്യാദർശൻ രïാം ഘട്ട പദ്ധതിയിലൂടെ 300 കുട്ടികൾക്ക് ഓൺലൈൻ പഠനത്തിനായി മൊബൈൽ ഫോണുകളും കരുതൽ പദ്ധതിയുടെ ഭാഗമായി 200 സ്വയം സഹായ സംഘങ്ങളിലൂടെ 2 കോടി രൂപയുടെ സ്വയം തൊഴിൽ വായ്പയുമാണ് നൽകുന്നതെന്ന് ആമുഖ പ്രസംഗത്തിൽ സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ അറിയിച്ചു. സഹൃദയ മാനേജർ സി.ജെ. പ്രവീൺ, സെൻറ് വിൻസെൻറ് ഡി പോൾ സൊസ!!ൈ!!റ്റി പ്രസിഡൻറ് വർഗീസ്, മെഴ്സമ്മ ഔസേപ്പച്ചൻ, ലീല ജോയി എന്നിവർ സംസാരിച്ചു.

# സഹൃദയ ആരോഗ്യ മാസാചരണത്തിനു തുടക്കമായി




ഓരോ വ്യക്തിയും സ്വന്തം കഴിവുകളും അവസ്ഥയും തിരിച്ചറിഞ്ഞ് കഠിനാധ്വാനം ചെയ്യുന്നതിലൂടെ മാത്രമേ ആരോഗ്യ പുരോഗതിയും ജീവിത വിജയവും നേടാൻ കഴിയുകയുള്ളൂവെന്ന് എറണാകുളം സെൻട്രൽ സ്റ്റേഷൻ പൊലീസ് സബ് ഇൻസ്പെക്ടർ ആനി ശിവ അഭിപ്രായപ്പെട്ടു. എറണാകുളം അങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയ സംഘടിപ്പിക്കുന്ന ആരോഗ്യ മാസാചരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു ആനി ശിവ. സഹൃദയ ഹാളിൽ സംഘടിപ്പിച്ച യോഗത്തിൽ എറണാകുളംഅങ്കമാലി അതിരൂപതാ വികാരി ജനറൽ ഫാ. ഹോർമിസ് മൈനാട്ടി അധ്യക്ഷത വഹിച്ചു. സഹൃദയ പ്രതിരോധ കിറ്റുകളുടെ വിതരണോദ്ഘാടനം നഗരസഭാ കൗൺസിലർ സക്കീർ തമ്മനം നിർവഹിച്ചു.

ഔഷധക്കഞ്ഞി കിറ്റുകൾ, പ്രതിരോധ ഔഷധ കിറ്റുകൾഎന്നിവയുടെ വിതരണം, ഓൺലൈൻ ആരോഗ്യ ബോധന പരിപാടികൾ, വയോജനങ്ങൾക്ക് പ്രതിവാര സൗജന്യ ആരോഗ്യ കൺസൾട്ടേഷൻ, വയോജനമന്ദിരങ്ങളിൽ സൗജന്യ ആരോഗ്യ സേവനം, യോഗ വ്യായാമ പരിശീലനം, പ്രകൃതി സൗഹൃദ ജീവിത ശൈലി പ്രോത്സാഹനം തുടങ്ങിയവയാണ് ആരോഗ്യമാസാചരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന കർമപദ്ധതികളെന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ പറഞ്ഞു.

# അതിഥി തൊഴിലാളികളുടെ കുഞ്ഞുങ്ങൾക്ക്  പോഷകാഹാര വിതരണം



സഹൃദയ, കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന സുധാർ പദ്ധതിയുടെ ഭാഗമായി പെരുമ്പാവൂർ, വാഴക്കുളം മേഖലകളിലെ അതിഥി തൊഴിലാളി കുടുംബങ്ങളിലെ അഞ്ചു വയസിൽ താഴെയുള്ള കുട്ടികൾക്ക്  പോഷകാഹാരവിതരണം നടത്തി.  പാൽപ്പൊടി, ഗോതമ്പ് അവൽ, നെയ്യ്,റാഗി പൗഡർ, ഡ്രൈ ഫ്രൂട്സ്  എന്നിവ  അടങ്ങിയതാണ് പോഷകാഹാര കിറ്റ്.

## സ്വയം സഹായ സംഘങ്ങൾ വഴി തൊഴിൽ വായ്പയും മൊബൈൽ ഫോണുകളും വിതരണം ചെയ്തു.

സഹൃദയ  വിദ്യാദർശൻ *രണ്ടാം*  ഘട്ട പദ്ധതിയിലൂടെ 300 കുട്ടികൾക്ക്  ഓൺലൈൻ പഠനത്തിനായി മൊബൈൽ ഫോണുകളും കരുതൽ പദ്ധതിയുടെ ഭാഗമായി 200 സ്വയം സഹായ സംഘങ്ങളിലൂടെ 2 കോടി രൂപയുടെ സ്വയം തൊഴിൽ വായ്പയും നൽകി. ഞാറള്ളൂർ സെന്റ് ജോസഫ് പള്ളി ഹാളിൽ സംഘടിപ്പിച്ച യോഗത്തിൽ  എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഉല്ലാസ് തോമസ് വിതരണോദ്ഘാടനം നിർവഹിച്ചു

## മോൺ . അഗസ്റ്റിൻ കണ്ടത്തിൽ ചരമ വാർഷികം

സേവ് എ  ഫാമിലി പ്ലാൻ സ്ഥാപകൻ മോൺ. അഗസ്റ്റിൻ ക്ത്തിലച്ചന്റെ ഇരുപതാം ചരമവാർഷികം സൗഖ്യസദനിൽ ആചരിച്ചു.

## ഗ്രാൻഡ് പേരന്റ്സ് ഡേ ആചരണം

സഹൃദയയുടെ  ആഭിമുഖ്യത്തിൽ  സൗഖ്യസദൻ വയോജന മന്ദിരത്തിൽ  ഗ്രാന്റ് പേരന്റ്സ് ഡേ ആചരണം നടത്തി.

